# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.09.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ബിഹാറിലെ മുഖ്യമന്ത്രി മഹിളാ റോജ്ഗർ യോജന വീഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്യും.**

   **PM Narendra Modi to Inaugurate CM Mahila Rojgar Yojana in Bihar via Video Conferencing Today.**

2. **വികസനത്തിനും സമാധാനത്തിനും ഭീകരത വലിയ ഭീഷണിയെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ.**

   **EAM Jaishankar Terms Terrorism a Serious Challenge to Peace and Growth.**

3. **വോട്ടെണ്ണൽ പ്രക്രിയ സുതാര്യമാക്കാൻ സുപ്രധാന മാറ്റങ്ങൾ നിർദ്ദേശിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടിങ് യന്ത്രത്തിലെ അവസാന രണ്ട് റൗണ്ട് എണ്ണുക തപാൽവോട്ടുകൾ പൂർണമായി എണ്ണിക്കഴിഞ്ഞ ശേഷം.**

   **Election Commission Proposes Key Changes to Make Vote Counting More Transparent; Second-last round of EVM/VVPAT counting will only begin once all postal ballots are counted.**

4. **നെൽ കർഷകരുടെ പ്രശ്നം പഠിക്കാൻ കേന്ദ്ര കൃഷി മന്ത്രാലയം നിയോഗിച്ച വിദഗ്ദ്ധ സംഘം ഇന്ന് പാലക്കാട് സന്ദർശിക്കും.**

   **Expert Team Appointed by Centre to Study Paddy Farmers' Issues to Visit Palakkad Today.**

5. കേരളത്തിൽ അതിശക്തമായ മഴ. തിരുവനന്തപുരം ജില്ലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

**Heavy Rains Lash Kerala; Holiday Declared for Educational Institutions in Thiruvananthapuram, Fishing Banned off Kerala, Karnataka, and Lakshadweep Coasts Today and Tomorrow.**

6. ബംഗ്ലാദേശിനെ തോൽപ്പിച്ച് പാകിസ്ഥാൻ ഏഷ്യാ കപ്പ് ക്രിക്കറ്റ് ഫൈനലിൽ; ചരിത്രത്തിൽ ആദ്യമായി സുബ്രതോ കപ്പ് സ്വന്തമാക്കി കേരളം.

**Pakistan Enter Asia Cup Cricket Final After Defeating Bangladesh; Kerala Clinch Subroto Cup for the First Time in History.**

***********************************

## PM-BIHAR YOJANA

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ബിഹാറിലെ മുഖ്യമന്ത്രി മഹിളാ റോജ്ഗർ യോജന വീഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്യും. 75 ലക്ഷം സ്ത്രീകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 10,000 രൂപ വീതം നിക്ഷേപിക്കും. സ്വയംതൊഴിൽ, ഉപജീവന അവസരങ്ങൾ എന്നിവയിലൂടെ സ്ത്രീശാക്തീകരണം ലക്ഷ്യമിട്ടാണ് സംരംഭമെന്ന് പ്രധാനമന്ത്രിയുടെ ഓഫീസ് പ്രസ്താവനയിൽ അറിയിച്ചു.

***********************************

## PM - WORLD FOOD INDIA (INTRO)

ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആഗോള നിക്ഷേപകർ, ഇന്ത്യയെ വലിയ ശുഭാപ്തി വിശ്വാസത്തോടെയാണ് നോക്കിക്കാണുന്നതെന്നും

പ്രധാനമന്ത്രി പറഞ്ഞു. ന്യൂഡൽഹിയിൽ ഇന്നലെ വേൾഡ് ഫുഡ് ഇന്ത്യ പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ ദശകത്തിൽ രാജ്യത്ത് ഭക്ഷ്യധാന്യ ഉൽപാദനത്തിൽ ഗണ്യമായ വളർച്ചയുണ്ടായിട്ടുണ്ടെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

(വോയിസ്....)

************************************

## GST REFORMS- MULTIPLE SECTOR

ഇന്ത്യയുടെ പരോക്ഷ നികുതി സമ്പ്രദായം ലളിതമാക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണ് പുത്തൻ തലമുറ ജിഎസ്ടി പരിഷ്ക്കാരങ്ങൾ എന്ന് കേന്ദ്രസർക്കാർ. ഈ മാസം 22 ന് പ്രാബല്യത്തിൽ വന്ന ജിഎസ്ടി ഘടന പരിഷ്കാരങ്ങൾ പ്രകാരം നികുതി ഘടനയെ 5 ശതമാനം, 18 ശതമാനം എന്നിങ്ങനെ രണ്ടു സ്ലാബുകളാക്കി മാറ്റി. സാധാരണക്കാർ, തൊഴിലാളികൾ, കർഷകർ, കൃഷി, ആരോഗ്യ സംരക്ഷണം എന്നിവയ്ക്ക് പ്രയോജനം ചെയ്യുകയാണ് നിരക്ക് മാറ്റത്തിന്റെ ലക്ഷ്യം.

************************************

## ECI

വോട്ടെണ്ണൽ പ്രക്രിയ സുതാര്യമാക്കാൻ സുപ്രധാന മാറ്റങ്ങൾ നിർദ്ദേശിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ. ഇനിമുതൽ, തപാൽവോട്ടുകൾ പൂർണമായി എണ്ണിക്കഴിഞ്ഞ ശേഷമേ വോട്ടിങ് യന്ത്രത്തിലെ അവസാന രണ്ട് റൗണ്ട് എണ്ണൂ. നിലവിൽ, യന്ത്രത്തിലെ വോട്ടെണ്ണൽ സ്വതന്ത്രമായാണ് നടന്നിരുന്നത്. ചിലപ്പോൾ തപാൽവോട്ടുകൾ എണ്ണിത്തീരുന്നതിന് മുമ്പുതന്നെ ഇവിഎമ്മിലെ വോട്ടെണ്ണൽ അവസാനിക്കുന്നത് ആശയക്കുഴപ്പത്തിനും തർക്കങ്ങൾക്കും കാരണമാകുന്ന സാഹചര്യത്തിലാണ് നടപടി.

തപാൽവോട്ടുകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ച മണ്ഡലങ്ങളിൽ വോട്ടെണ്ണാൻ കൂടുതൽ ജീവനക്കാരെ നിയോഗിക്കാനും നിർദേശിച്ചിട്ടുണ്ട്.

************************************

## HOME MINISTRY - SONAM WANGCHUK

ലഡാക്കിലെ പരിസ്ഥിതി നേതാവായ സോനം വാങ്ചുകിന്റെ എൻജിഒയ്ക്ക് വിദേശത്ത് നിന്ന് സംഭാവന സ്വീകരിക്കാനുള്ള FCRA സർട്ടിഫിക്കറ്റ് ആഭ്യന്തര മന്ത്രാലയം റദ്ദാക്കി. 2021-22 ൽ വിദേശ സംഭാവന (നിയന്ത്രണ) നിയമം ലംഘിച്ച് സോനം വാങ്ചുക്ക് അസോസിയേഷന്റെ എഫ്സിആർഎ അക്കൗണ്ടിലേക്ക് 3.5 ലക്ഷം രൂപ നിക്ഷേപിച്ചതായി ആരോപിച്ചാണ് നീക്കം.

************************************

## SEVA PARV- E-GOVERNANCE(INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി, കേന്ദ്ര സർക്കാർ ഇ-ഗവേണൻസ് ആവാസവ്യവസ്ഥയുടെ ഉത്തേജനത്തിനായി നടപ്പാക്കുന്ന വിവിധ നടപടികളെ കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.

(ഹോൾഡ്)

*(മ്യൂസിക്)*

*പൊതുസേവനങ്ങൾ മുതൽ സാമ്പത്തിക ശാക്തീകരണം വരെ, ഇന്ത്യയുടെ ഇ-ഗവേണൻസ് സംവിധാനം ജനജീവിതം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ട് രൂപപ്പെടുത്തിയവയാണ്. ഇ-ഗവേണൻസ് ലളിതവും ഫലപ്രദവും പരിസ്ഥിതി സൗഹൃദവുമായ*

*ഭരണ സംവിധാനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.*

*(പിഎം വോയിസ്.....)*

*ഇന്ത്യയുടെ ഡിജിറ്റൽ സംവിധാനങ്ങളുടെ പ്രധാന ഘടകമായി JAM ട്രിനിറ്റി, അതായത് ജൻ ധൻ, ആധാർ, മൊബൈൽ എന്നിവ മാറിയിരിക്കുന്നു. സർക്കാർ ആനുകൂല്യങ്ങൾ, സബ്സിഡികൾ എന്നിവ നേരിട്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ എത്തുന്നു. ലക്ഷക്കണക്കിന് ചെറുകിട വ്യവസായങ്ങൾ, വനിതാ സംരംഭകർ, സ്റ്റാർട്ടപ്പുകൾ എന്നിവ മെച്ചപ്പെടുത്തുന്നതിനൊപ്പം ആവിഷ്കരിച്ച ഇ-മാർക്കറ്റ്പ്ലെയ്സ് രാജ്യത്ത് വൻ മാറ്റങ്ങളാണ് കൊണ്ടുവന്നത്.*

*(മ്യൂസിക്)*

*************************************

## JAISHANKAR G-20

വികസനത്തിനും സമാധാനത്തിനും ഭീകരത ഒരു ഭീഷണിയെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ. ഭീകരതയ്ക്കെതിരെ പോരാടുന്നവർ അന്താരാഷ്ട്ര സമൂഹത്തിന് വലിയ സേവനമാണ് ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു. ന്യൂയോർക്കിൽ ജി20 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉപരോധങ്ങൾ പ്രയോഗിക്കുന്നതിലെ ഇരട്ടത്താപ്പിനെ ശ്രീ ജയ്ശങ്കർ വിമർശിച്ചു.

*************************************

## CENTRAL TEAM - VISIT

നെല്ല് സംഭരണം സംബന്ധിച്ച് കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ കേന്ദ്ര സംഘം ഇന്ന് പാലക്കാട് ജില്ലയിൽ

സന്ദർശനം നടത്തും. ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംഘം രാവിലെ വടവന്നൂർ പാടത്തിലെ കർഷകരെ കാണും. തുടർന്ന് കൊല്ലങ്കോട്, പൊൽപ്പുള്ളി, മലമ്പുഴ എന്നിവിടങ്ങളിലെ കർഷകരുമായി ചർച്ച നടത്തുന്ന കേന്ദ്ര സംഘം എലപ്പുള്ളി പാഡിക്കോയും സന്ദർശിക്കും.

************************************

## RAIN-KERALA

കേരളത്തിൽ അതിശക്തമായ മഴ. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള എട്ടു ജില്ലകളിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിലെ പ്രൊഫഷണൽ കോളേജുകൾ അടക്കമുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കലക്ടർ ഇന്ന് അവധി പ്രഖ്യാപിച്ചു. മുൻ നിശ്ചയിച്ച പൊതു പരീക്ഷകൾക്ക് മാറ്റമില്ല. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

************************************

## IMD-BENGAL CYCLONE

ബംഗാൾ ഉൾക്കടലിന്റെ കിഴക്ക്, മധ്യഭാഗത്ത് രൂപപ്പെട്ട ന്യൂനമർദം ശക്തിപ്രാപിക്കുന്നതായി കൊൽക്കത്ത കാലാവസ്ഥാ വകുപ്പ്. നാളെയോടെ ഒഡീഷ, ആന്ധ്രപ്രദേശ് തീരത്തേക്ക് നീങ്ങുമെന്നാണ് മുന്നറിയിപ്പ്. പശ്ചിമ ബംഗാളിന്റെ വിവിധ പ്രദേശങ്ങളിൽ അടുത്ത 7 ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഞായറാഴ്ച വരെ മത്സ്യബന്ധനത്തിനും വിലക്കേർപ്പെടുത്തി.

************************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിന്റെ 126-ാം പതിപ്പ് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. ദൂരദർശന്റെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമായിരിക്കും. 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും മൻ കി ബാത്തിലേക്ക് ആശയങ്ങൾ അറിയിക്കാനുള്ള സമയ പരിധി ഇന്ന് അവസാനിക്കും.

*************************************

## SONOWAL-GREEN ENERGY

ദേശീയ ഹൈഡ്രജൻ ദൗത്യത്തിലൂടെ കാർബൺ പുറന്തള്ളൽ പൂർണ്ണമായും ഇല്ലാതാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ. മഹാരാഷ്ട്രയിലെ ജവഹർലാൽ നെഹ്റു തുറമുഖ അതോറിട്ടിയുടെ ഇലക്ട്രിക്ക് ട്രക്കുകൾ ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു അദ്ദേഹം. 2030 ഓടെ രാജ്യം കപ്പൽ നിർമാണ രാജ്യങ്ങളിൽ ആദ്യ പത്തിൽ ഇടം നേടുമെന്നും ശ്രീ സോനോവാൾ അറിയിച്ചു.

*************************************

## ASIA CUP CRICKET

ഏഷ്യാ കപ്പ് ക്രിക്കറ്റ് ഫൈനലിൽ ഞായറാഴ്ച ഇന്ത്യ പാകിസ്ഥാനെ നേരിടും. ദുബായിൽ ഇന്നലെ രാത്രി നടന്ന സൂപ്പർ ഫോർ മത്സരത്തിൽ ബംഗ്ലാദേശിനെ 11 റൺസിന് പരാജയപ്പെടുത്തിയാണ് പാകിസ്ഥാൻ ഫൈനലിൽ എത്തിയത്. സൂപ്പർ ഫോറിലെ മറ്റൊരു മത്സരത്തിൽ, ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും.

*************************************

## SUBRATO CUP- FOOTBALL (INTRO)

64 വർഷം നീണ്ട കാത്തിരിപ്പിന് വിരാമമിട്ട്, കേരളം ഇതാദ്യമായി സുബ്രതോ കപ്പ് ഇന്റർനാഷണൽ ഫുട്ബോൾ ടൂർണമെന്റ് കിരീടം സ്വന്തമാക്കി. കോഴിക്കോട് ഫാറൂഖ് ഹയർ സെക്കൻഡറി സ്കൂളാണ് കേരളത്തിന് വേണ്ടി കന്നിക്കിരീടം നേടിയത്.

**ആകാശവാണിക്കു വേണ്ടി സുരേഷ്ബാബു തയ്യാറാക്കിയ റിപ്പോർട്ട്.....**

(വോയ്സ്....)

**************************************

## AMIT SHAH KOLKATA

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് കൊൽക്കത്ത സന്ദർശിക്കും. മൂന്നിടങ്ങളിൽ ദുർഗ്ഗാ പൂജ പരിപാടികൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും. കൊൽക്കത്തയിലെ ലെബുതല, സാൾട്ട് ലേക്ക് എന്നിവിടങ്ങളിലാണ് പരിപാടികൾ.

**************************************

## MEA AFGHANISTAN

അഫ്ഗാനിസ്ഥാനിൽ വീണ്ടും ദുരിതാശ്വാസ സഹായം എത്തിച്ചതായി വിദേശകാര്യ മന്ത്രാലയം. മൂന്ന് കണ്ടെയ്നറുകൾ നിറയെ ദുരിതാശ്വാസ സാമഗ്രികളാണ് എത്തിച്ചത്. അടുത്തിടെ ഉണ്ടായ ഭൂകമ്പത്തെത്തുടർന്ന് അഫ്ഗാനിസ്ഥാന് ഇന്ത്യ നൽകുന്ന മാനുഷിക സഹായത്തിന്റെ തുടർച്ചയാണിത്.

*

********************

*******************************************************